# യേശു: ദൈവം ജഡത്തിൽ

## റോയ് എച്ച്ലേനിയൻ സർ

ഇരുപതു നൂറ്റാണ്ടുകളോളം മനുഷ്യരെ അത്ഭുതപ്പെടുത്തിയവനായിരുന്നു നസറേത്തുകാരനായ യേശു. അവന്റെ സ്നേഹിതന്മാർ അവനെ സ്നേഹിക്കയും മനുഷ്യരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്ന പാപരഹിതനായ ദൈവപുത്രനെ അവർ ആരാധിച്ചു. അവന്റെ ശത്രുക്കൾ, പല തരത്തിലുള്ള അവിശ്വാസികൾ അവനെ അനാദരിക്കുവാൻ പല പാഴ്ശ്രമങ്ങൾ നടത്തിയിട്ടുണ്ട്, എന്നാൽ അവൻ വെറും ഒരു മനുഷ്യനേക്കാൾ വലുതാണ് എന്നു അവർക്കു സമ്മതിക്കേണ്ടിവന്നു.

അവനെപോലെ അവനു മുൻപും അവന്നു ശേഷവും ആരും ഉണ്ടായിട്ടില്ല. ഏതൊരുകാലത്തിലും ഏതൊരുമനുഷ്യനേക്കാളും അവന്റെ ഉപദേശം രീതിയിലും, ഉള്ളടക്കത്തിലും മികച്ചതായിരുന്നു. അവന്റെ പ്രവൃത്തികൾ, വാസ്തവത്തിൽ ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. നിരന്തരം വിദ്വേഷമുള്ള എതിരാളികൾ ഉണ്ടായിരുന്നിട്ടും, അവന്റെ സ്വാധീനം അവനു മുമ്പും അവനു ശേഷവും ഉണ്ടായിരുന്നവരേക്കാൾ അധികം വർദ്ധിച്ചു വന്നിരുന്നു.

ദുഷ്ടമനുഷ്യരും അവിശ്വാസികളും ഈ വസ്തുതകളെ പല വിധത്തിൽ വിവരിച്ചിട്ടുണ്ട്, എന്നാൽ തൃപ്തികരമായ ഒരൊറ്റ വിശദീകരണമേ ഉള്ളു. ആ പരമോന്നതവും ലളിതവുമായ വിശദീകരണം, ഒരു യിസ്രയേലുന്റെ വഞ്ചനയില്ലാത്ത വാക്കുകളിലുണ്ട്: “ഗുരോ, നീ ദൈവത്തിന്റെ പുത്രൻ ആകുന്നു” (യോഹന്നാൻ 1:49; വാക്യം 47 ഉം നോക്കുക). തിരുവെഴുത്തിൻ പ്രകാരം നസറേത്തുകാരനായിരുന്ന യേശു, ദൈവം ആയിരുന്നു - ദൈവം ജഡത്തിലായിരുന്നു, ജഡത്തെ ഉണ്ടാക്കിയ ദൈവം, ജഡത്തിലായി വസിച്ചു.

### അവൻ ദൈവം ആയിരുന്നു എന്ന്<br>പ്രവാചകന്മാർ പറഞ്ഞു

**യെശയ്യാവു**

യേശു ജനിക്കുന്നതിനു നൂറുകണക്കിനു വർഷങ്ങൾക്കു മുൻപു യേശു പറഞ്ഞു, “കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും,

അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും" (യെശയ്യാവു 7:14). യേശു ജനിച്ചപ്പോൾ ആ പ്രവചനം നിവർത്തിയായി എന്നു മത്തായി പറഞ്ഞു (മത്തായി 1:22). "ഇമ്മാനുവേൽ" എന്നതിന്റെ അർത്ഥം "ദൈവം നമ്മോടുകൂടെ" എന്നു വ്യാഖ്യാനിച്ചു (മത്തായി 1:23). അതുകൊണ്ടു, യെശയ്യാവും മത്തായിയും പറഞ്ഞതനുസരിച്ചു, യേശു "ദൈവം നമ്മോടുകൂടെ" ആയിരുന്നു.

വീണ്ടും, യെശയ്യാവു അവന്റെ വരവിനെ ഈ വാക്കുകളിൽ മുന്നറിയിച്ചു:

> നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും അവന്നു അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും (യെശയ്യാവ് 9:6).

ഈ പ്രസ്താവനയിൽ നാം മനസ്സിലാക്കുന്നതു ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവൻ "വീരനാം ദൈവം" ആയിരിക്കും. ഈ പ്രവചനത്തെ പരാമർശിച്ചു ഗബ്രിയേൽ ദൂതൻ മറിയയോടു അവൾ ഒരു മകനെ പ്രസവിക്കും അവനു യേശു എന്നു പേർ വിളിക്കേണം (ലൂക്കൊസ് 1:31). "അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും" (ലൂക്കൊസ് 1:32). യെശയ്യാവിന്റെ പ്രവചനത്തിൽ "വീരനാം ദൈവം" എന്നു വിളിക്കപ്പെടും എന്നു പ്രവചിച്ചതു കൊണ്ട് മറിയയുടെ മകനെ "അത്യുന്നതന്റെ പുത്രൻ" എന്നു വിളിക്കപ്പെടണം.

**മീഖാ**

പ്രവാചകനായിരുന്ന മീഖാ പറഞ്ഞു, "നീയോ, ബേത്ത്ലഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും, യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചുവരും, അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ" (മീഖാ 5:2). ക്രിസ്തു എവിടെയാകുന്നു ജനിക്കുന്നതു എന്ന ഹെരോദാവിന്റെ ചോദ്യത്തിനു മഹാപുരോഹിതന്മാരും ശാസ്ത്രിമാരും തിരിഞ്ഞതു ഈ വാക്യത്തിലേക്കായിരുന്നു. യെരുശലേമിൽ ചെന്നു യേശുവിനെ കാണുവാൻ വിദ്വാന്മാരെ അയക്കുവാൻ ഹെരോദാവിന്നു തോന്നിയതു ഈ പ്രവചനമായിരുന്നു, മീഖാ പ്രവചിച്ചതനുസരിച്ചു യെഹൂദയിലായിരുന്നു, "യെഹൂദന്മാരുടെ രാജാവ് ജനിക്കുന്നത്" (മത്തായി 2:2-8). മീഖാ പ്രവചിച്ചതനുസരിച്ചു, യെഹൂദന്മാരുടെ രാജാവായി ജനിക്കുന്നവൻ നിത്യതമുതൽ നിത്യത വരെ ആയിരിക്കും. ഇതു ഒരു സൃഷ്ടിയെക്കുറിച്ചു പറയാവുന്നതല്ല; സൃഷ്ടിതാവിനെക്കുറിച്ചു മാത്രമെ അത്തരം നാമത്തിൽ അറിയപ്പെടുകയുള്ളു. അതുകൊണ്ടു, പ്രവചനപ്രകാരം, അവനെ ദൈവം ആയി അംഗീകരിച്ചു.

## താൻ ദൈവം ആയിരുന്നു എന്ന്
## യേശു അവകാശപ്പെട്ടു

### യെഹൂദന്മാരുടെ ആശയം

യേശു ദൈവമാണെന്നു അവകാശപ്പെട്ടിരുന്നു എന്നു തെളിയിക്കുന്ന തിരുവെഴുത്ത് ഉദ്ധരിക്കുന്നതിനു മുൻപു, മശിഹയെക്കുറിച്ചുള്ള ഒരാൾ ട്രീഫോ, തന്റെ ജസ്റ്റിൻ മാർടിറുമായുള്ള സംഭാഷണങ്ങൾ, പ്രകടമാക്കി (c. 110 – c. 165):

> ... വർഷങ്ങൾക്കു മുൻപു ജീവിച്ചിരുന്ന ഈ ക്രിസ്തു, പിന്നെ തന്നെത്താൻ ജനിക്കുന്നതിനും മനുഷ്യനാകുന്നതിനും തന്നെത്താൻ കീഴ്പ്പെടുത്തി, എങ്കിലും അവൻ മനുഷ്യന്റെ മനുഷ്യനായിരുന്നില്ല, ഈ [ഉറപ്പിച്ചു പറയൽ] എനിക്ക് പ്രത്യക്ഷതയിൽ വെറും വിപരീതമായി മാത്രമല്ല, വിഡ്ഢിത്തമായും തോന്നുന്നു.[1]
>
> അവനെ മനുഷ്യൻ എന്നു ഉറപ്പിച്ചു പറയുന്നവർ, തിരഞ്ഞെടുത്തു അഭിഷേകം ചെയ്യുമെന്നു, പിന്നെ ക്രിസ്തു ആയിത്തീരുന്നതും, കൂടുതൽ ശരിയാണെന്നു എനിക്കു തോന്നുന്നു ... കാരണം ക്രിസ്തു [ജനിക്കുന്നതു] മനുഷ്യനിൽ നിന്നു മനുഷ്യൻ ആയിട്ടും, ഏലിയാവു വരുമ്പോൾ അവനെ അഭിഷേകം ചെയ്യുമെന്നുമാണ്. തീർച്ചയായും ഈ മനുഷ്യൻ ക്രിസ്തുവായി പ്രത്യക്ഷപ്പെടുമെങ്കിൽ മനുഷ്യനിൽ നിന്നു [ജനിച്ചു] മനുഷ്യനായി അറിയപ്പെടും; എന്നാൽ സാഹചര്യം വെച്ച്കൊണ്ട് ഏലിയാവു വന്നിട്ടില്ല, അതുകൊണ്ട്, ഞാൻ അനുമാനിക്കുന്നത് ആ മനുഷ്യൻ [ക്രിസ്തു] അല്ല എന്നാണ്.[2]

യേശുവിന്റെ കാലത്തു സംഭവിച്ചതായ ഒരു കാര്യമായിരിക്കാം യെഹൂദന്മാർ ഈ വിശ്വാസം സ്വീകരിക്കാൻ കാരണം, അതു മത്തായി 22:41–45-ൽ വെളിപ്പെടുത്തിയിരിക്കുന്നു:

> പരീശന്മാർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ, യേശു അവരോടു "ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്കു എന്തു തോന്നുന്നു, അവൻ ആരുടെ പുത്രൻ?" എന്നു ചോദിച്ചു: "ദാവീദിന്റെ പുത്രൻ" എന്നു അവർ പറഞ്ഞു, അവൻ അവരോട് "എന്നാൽ ദാവീദ് ആത്മാവിൽ അവനെ 'കർത്താവു,' എന്നു വിളിക്കുന്നതു എങ്ങനെ?" "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം എന്റെ വലതു ഭാഗത്ത് ഇരിക്ക" 'എന്നു കർത്താവു, എന്റെ കർത്താവിനോടു അരുളിച്ചെയ്തു."' ദാവീദ് അവനെ 'കർത്താവു' എന്നു പറയുന്നു എങ്കിൽ, അവന്റെ പുത്രൻ ആകുന്നതു എങ്ങനെ? എന്നു ചോദിച്ചു."

ദാവീദ് അവന്റെ പിൻഗാമിയെ "കർത്താവു" എന്നു വിളിച്ചത് എന്തുകൊണ്ട്? ലളിതമായ ഉത്തരം എന്തെന്നാൽ അവർ പ്രതീക്ഷിച്ചതു മശിഹ "ദാവീദിന്റെ ഗൃഹത്തിൽ മനുഷമാതാപിതാക്കൾക്കു ജനിക്കും" എന്നാ

യിരുന്നു. ദൈവം ജഡത്തിൽ (ദാവീദിന്റെ സന്തതിയായി ജഡത്തിൽ), ജനിക്കുമെന്നു തിരുവെഴുത്തുകൾ അറിയാമായിരുന്നെങ്കിൽ, അവർക്കു ഉത്തരം നല്കുവാൻ കഴിയുമായിരുന്നു.

യെഹൂദന്മാരുടെ കണക്കുകൂട്ടലനുസരിച്ചു, ഒരാൾ ക്രിസ്തു ആണെന്നോ, മശിഹ ആണെന്നോ; അവകാശപ്പെടുന്നതു അത്ര വലിയ പാപമല്ല ആരെയെങ്കിലും ക്രിസ്തു ആണെന്നു വിശ്വസിക്കുന്നതു ഒരു കുറ്റമല്ല. മത്തായി 9:27-ൽ രണ്ടു കുരുടർ യേശുവിനെ "ദാവീദ് പുത്രാ" എന്നു വിളിക്കുന്നുണ്ട്; മത്തായി 15:22-ൽ കനന്യാ സ്ത്രീയും അങ്ങനെ വിളിച്ചു. തന്റെ "വിജയ യാത്ര" എന്നു വിളിക്കുന്ന യേശുവിന്റെ യെരുശലേം യാത്രയിൽ, അവനു മുമ്പായി പോയ വലിയ പുരുഷാരം "ദാവീദിന്റെ പുത്രനു ഹോശന്നാ" എന്നു ആർത്തിരുന്നു (മത്തായി 21:1-17). "ദാവീദിന്റെ പുത്രൻ" എന്ന പ്രയോഗം അതേ രീതിയിൽ മത്തായി 21:9 ലും 22:42 ലും ഉണ്ട്. വലിയ പുരുഷാരം അവനെ ക്രിസ്തു എന്നു വിളിച്ചു എങ്കിലും, വളരെ കുറച്ചുപേർ മാത്രമാണ് ദൈവം ജഡത്തിൽ വന്ന, ദൈവപുത്രൻ എന്നു വിശ്വസിച്ചുള്ളു. ദിവസങ്ങൾ മാത്രം പിന്നിടുമ്പോൾ, അവരുടെ പ്രമാണികളോടും ചേർന്നു, അവൻ ദൈവപുത്രനാണെന്നു പറഞ്ഞതുകൊണ്ട് അവൻ ദൈവദൂഷണം പറഞ്ഞു എന്നു കുറ്റപ്പെടുത്തി അവനെ ശിക്ഷക്കു വിധിച്ചു.

**യേശുവിന്റെ അവകാശം**

ഇവയെല്ലാം മനസ്സിൽ വെച്ചുകൊണ്ടു, യേശു തന്നെത്താൻ ദൈവം എന്നു പറഞ്ഞതിനെ നമുക്കു നോക്കാം. "മനുഷ്യ പുത്രൻ" എന്നാൽ "മനുഷ്യൻ" എന്നു അർത്ഥമുള്ളതുപോലെ, "ദൈവപുത്രൻ" എന്നതിനു "ദൈവം" എന്നു അർത്ഥമുണ്ട് എന്നോർക്കുക. യോഹന്നാൻ 5:17, 18-ൽ നാം വായിക്കുന്നു,

> യേശു അവരോടു, "എന്റെ പിതാവു ഇന്നുവരെയും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു" എന്നു ഉത്തരം പറഞ്ഞു അങ്ങനെ അവൻ ശബ്ബത്തിനെ ലംഘിച്ചതുകൊണ്ടു മാത്രമല്ല, ദൈവം സ്വന്ത പിതാവു എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോടു സമമാക്കിയതുകൊണ്ടു, യെഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചു പോന്നു.

ദൈവത്തിന്റെ പുത്രന്മാരാണ് തങ്ങൾ എന്നു അവർ പറഞ്ഞിരുന്നു, ദൈവത്തെ അവരുടെ പിതാവായി പറഞ്ഞിരുന്നു (യോഹന്നാൻ 8:41). തീർച്ചയായും, ആ നിലക്ക് യേശു ദൈവത്തെ തന്റെ പിതാവു എന്നു വിളിച്ചതിൽ അവർ എതിർക്കേണ്ടതില്ലായിരുന്നു - പക്ഷെ അവർ ചെയ്തു. എന്തുകൊണ്ട്? അവർ എതിർക്കാൻ കാരണം യേശു ദൈവത്തെ "സ്വന്ത പിതാവു," എന്നു വിളിച്ചതു "ദൈവത്തോടു അവൻ സമനാക്കിയതു" കൊണ്ടാണ്, അതു അവൻ തന്നെ ദൈവം എന്നു വിളിക്കുന്നതുപോലെയാണ്, അതാണ് അവർ ദൈവദൂഷണം എന്നു വിളിച്ചത്.

യോഹന്നാൻ 8:53, 54-ൽ യെഹൂദന്മാർ അവനോടു, "നിന്നെത്തന്നെ

നീ ആർ ആകുന്നു?" എന്നു ചോദിച്ചു. അതിനു യേശു, "ഞാൻ എന്നെ ത്തന്നെ മഹത്വപ്പെടുത്തിയാൽ, എന്റെ മഹത്വം ഏതുമില്ല; എന്നെ മഹത്വ പ്പെടുത്തുന്നതു എന്റെ പിതാവാകുന്നു, 'അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു.'" യെഹൂദന്മാർ പിതാവെന്നു വിളിച്ചവനെ യേശു തിരിച്ചറിയിക്കലായിരുന്നു. ഇതു മറ്റാർക്കും പറയാനാവാത്ത വിധ ത്തിൽ അവൻ ദൈവപുത്രൻ എന്നു പരോക്ഷമായി പറയുന്നതാണ് അത്. അതുകൊണ്ട്, അവനെ ദൈവത്തോടു സമനാക്കി സംസാരിച്ചു.

യേശു തന്നെ ദൈവം എന്നു അവകാശപ്പെട്ടതു അവൻ തന്നെ ദൈവ ത്തോടു സമൻ എന്നു യെഹൂദന്മാർ മനസ്സിലാക്കി. ഇതു യോഹന്നാൻ 10:30-36 വരെയുള്ള വേദഭാഗത്തിലേ യേശുവിന്റെ ഒരു പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. "ഞാനും പിതാവും ഒന്നാകുന്നു" എന്നതു ശക്ത മായ പ്രതികരണത്തിലേക്കു നയിച്ചു:

> യെഹൂദന്മാർ അവനെ എറിവാൻ പിന്നെയും കല്ലു എടുത്തു. യേശു അവരോടു, "പിതാവിന്റെ കല്പനയാൽ ഞാൻ പല നല്ല പ്രവൃ ത്തികൾ നിങ്ങളെ കാണിച്ചിരിക്കുന്നു; അവയിൽ ഏതു പ്രവൃത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു?" എന്നു ചോദിച്ചു. യെഹൂ ദന്മാർ അവനോടു, "നല്ല പ്രവൃത്തി നിമിത്തം അല്ല, ദൈവ ദൂഷണം നിമിത്തവും; നീ മനുഷ്യനായിരിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നതു കൊണ്ടുമത്രെ ഞങ്ങൾ നിന്നെ കല്ലെറിഞ്ഞതു" എന്നു ഉത്തരം പറഞ്ഞു. യേശു അവരോടു, "'നിങ്ങൾ ദേവന്മാർ ആകുന്നു' എന്നു ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ ന്യായപ്രമാ ണത്തിൽ എഴുതിയിരിക്കുന്നില്ലയോ? ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിരുന്നവരെ ദേവന്മാർ എന്നു പറഞ്ഞു എങ്കിൽ - (തിരുവെ ഴുത്തിനു നീക്കു വന്നുകൂടായല്ലൊ) - 'ഞാൻ ദൈവത്തിന്റെ പുത്രൻ' എന്നു പറഞ്ഞതുകൊണ്ടു 'നീ ദൈവ ദൂഷണം പറയുന്നു' എന്നു പിതാവു വിശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോടു നിങ്ങൾ പറയുന്നുവോ."

ഇവിടെ യേശു തന്നെത്താൻ "ദൈവപുത്രൻ," എന്നു പറഞ്ഞതിനെ അവൻ അവനെ ദൈവമാക്കുന്നു എന്നു യെഹൂദന്മാർ മനസ്സിലാക്കി.

ഈ അവകാശമാണ് അവനെ അവസാനം മരണത്തിലേക്കു എത്തി ച്ചത്. യെഹൂദന്മാരുടെ ന്യായാധിപസഭ കൂടുന്നതിനു മുൻപു, അവനോടു ചോദിച്ചു, "നീ ക്രിസ്തു ആണെങ്കിൽ, ഞങ്ങളോടു പറക." അതിനു, അവൻ നല്കിയ ഉത്തരത്തിൽ അവന്റെ അവകാശം സംശയത്തിനു ഇട നല്കാത്തതായിരുന്നു. ഒരാൾ ക്രിസ്തു എന്നു അവകാശപ്പെടുന്നതിനു എതിരെ നിയമപരമായി, അവർക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അടു ത്തതായി, അവനോടു, "നീ ദൈവപുത്രൻ ആണോ, പിന്നെ?" അതിനു അവൻ, "അതെ, ആകുന്നു" എന്നു പറഞ്ഞു, അതു ഉറപ്പിച്ചു പറഞ്ഞ ശേഷം യെഹൂദന്മാർ പറഞ്ഞു, "ഇനി സാക്ഷ്യം കൊണ്ടു നമുക്കു എന്താ വശ്യം? നാം തന്നെ അവന്റെ വാമൊഴി കേട്ടുവല്ലൊ എന്നു പറഞ്ഞു" (ലൂക്കൊസ് 22:66-71).

അവൻ അവനെ പിടിച്ചു പിലാത്തൊസിന്റെ മുൻപിൽ നിർത്തി. അവൻ തന്നെത്താൻ അവനെ "ക്രിസ്തു" എന്ന രാജാവാക്കി എന്നായിരുന്നു ആദ്യം ഉന്നയിച്ച ആരോപണം. ആ ആരോപണം മരണശിക്ഷക്കു പര്യാപ്തമല്ല എന്നറിഞ്ഞുകൊണ്ടു, അവൻ പറഞ്ഞു, "ഞങ്ങൾക്കു ഒരു ന്യായപ്രമാണം ഉണ്ട്, അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊണ്ടു ആ ന്യായപ്രമാണപ്രകാരം അവൻ മരിക്കേണ്ടതാകുന്നു എന്നു ഉത്തരം പറഞ്ഞു" (യോഹന്നാൻ 19:7). അവരുടെ പ്രമാണപ്രകാരം, ദൈവദൂഷണം പറഞ്ഞാൽ മരിക്കേണം (ലേവ്യാപുസ്തകം 24:16). അവൻ ദൈവപുത്രൻ ആണെന്നു ഏറ്റു പറഞ്ഞുകൊണ്ടാണ് അവൻ ദൈവദൂഷണം പറഞ്ഞു എന്നു കുറ്റപ്പെടുത്തിയത് (മത്തായി 26:63–66) പിന്നെ, നാം കാണുന്നതു, ദൈവത്തോടു തുല്യനാണെന്ന അവന്റെ അവകാശമാണ്; താൻ ദൈവം ജഡത്തിലാണ് എന്ന് അവൻ അവകാശപ്പെട്ടു.

## അവൻ ദൈവം ആയിരുന്നു എന്ന്<br>അപ്പൊസ്തലന്മാർ പ്രഖ്യാപിച്ചു

യേശു ഭൂമിയിൽ ആയിരുന്നപ്പോൾ അവനോടു അടുത്തുണ്ടായിരുന്ന – അവന്റെ അത്ഭുതങ്ങൾ കാണുകയും നിരന്തരമായി അവന്റെ ഉപദേശങ്ങൾ മൂന്നര വർഷത്തോളം കേൾക്കുകയും ചെയ്തവർ – ആയിരുന്നു അപ്പൊസ്തലന്മാർ. അവൻ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റ ശേഷവും അവർ അവനെ കാണുകയും അവർ അവനോടൊപ്പം ഭക്ഷണം കഴിക്കയും ചെയ്തു. പിന്നീട്, അവർ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കപ്പെട്ടു, പരിശുദ്ധാത്മാവു അവരെ തെറ്റുകൂടാതെ സൂക്ഷിക്കുക മാത്രമല്ല, ആ സന്ദേശം നമ്മിലേക്കു എത്തിക്കുവാനും സഹായിച്ച് ദൈവം ജഡത്തിൽ കാണപ്പെട്ട, ദൈവ പുത്രൻ ആയിരുന്നു യേശു എന്നു ആ ആളുകൾ പറഞ്ഞു.

### യോഹന്നാൻ

കർത്താവിനു പിതാവിനോടുള്ള ബന്ധം ഒരുപക്ഷെ ശരിയായി മനസ്സിലാക്കുവാനും അനുമോദിക്കുവാനും കഴിഞ്ഞതു, പ്രിയശിഷ്യൻ യോഹന്നാൻ, ആയിരുന്നേക്കാം. പിരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടു തെറ്റുകൂടാതെ, അവൻ എഴുതി,

> ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു, അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല, അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു ....
>
> വചനം ജഡമായിതീർന്നു, കൃപയും സത്യവും നറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു, ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്നു, ഏകജാതനായവന്റെ തേജസ്സായി കണ്ടു (യോഹന്നാൻ 1:1–4, 14).

ഇവിടെ പറഞ്ഞ “വചനം” ദൈവികത്വത്തിലെ രണ്ടാം വ്യക്തിയാണ്. വചനം 14-ൽ യേശുവായി അതു പറഞ്ഞിരിക്കുന്നതു കൊണ്ട്, ആ വസ്തുത വാദിക്കേണ്ടതില്ല. അതുകൊണ്ടു, അവൻ ദൈവമാണെന്നു തെളിയിക്കുന്ന വചനത്തെക്കുറിച്ചു നമുക്കു നോക്കാം. രണ്ടാമതു, ഈ വചനത്തെ നോക്കുന്നത്, അവൻ ജഡമായിതീർന്ന് നസറേത്തുകാരൻ യേശു ദൈവമാണെന്നു തെളിയിക്കുന്നതു നോക്കാം.

ആദ്യത്തെ പദപ്രയോഗമായ “ആദിയിൽ” എന്നതു വചനത്തിന്റെ നിത്യതയെ വ്യക്തമാക്കിയിരിക്കുന്നു. മറ്റെല്ലാം തുടങ്ങുന്നതിനു മുൻപു തന്നെ വചനം “ഉണ്ടായിരുന്നു”; സൃഷ്ടിക്കപ്പെട്ട മറ്റെന്തിനും മുൻപു അവൻ ഉണ്ടായിരുന്നു. അവൻ അതുകൊണ്ടു സൃഷ്ടിയുടെ ഭാഗമല്ല; അവൻ നിത്യനാണ്. മറ്റാരും അല്ല; ദൈവം നിത്യൻ, അതുകൊണ്ടു, അവൻ ദൈവം ആണ്.

അടുത്തത്, അവൻ പിതാവിനോടു കൂടെ സഹ - അസ്തിത്വത്തിലുണ്ടായിരുന്നതായി രണ്ടു പ്രാവശ്യം വേദഭാഗത്ത് പറയുന്നു: “വചനം ദൈവത്തോടുകൂടെ ആയിരുന്നു”; “വചനം ആദിയിൽ ദൈവത്തോടു കൂടെയായിരുന്നു.” പിന്നെ, ആവശ്യമായ വ്യക്തിപരമായ ദൈവത്തെ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു: “വചനം ദൈവം ആയിരുന്നു.” അവസാനമായി, പിതാവിൽ നിന്നു അവനെ വേർതിരിച്ചു പറയുന്നുണ്ട്: “അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു” ഈ രണ്ടു വാക്കുകളും രണ്ടു വ്യത്യസ്തമായ വാക്കുകൾ ശരിയായി “ദൈവം” എന്നു വിളിക്കാവുന്നതാണെന്നു പറയുന്നതാവും ബുദ്ധി. “വചനം ദൈവം ആയിരുന്നു,” എങ്കിലും അവൻ മറ്റൊരു വ്യക്തിയാണ് “ദൈവം” ആയിരുന്നു; തൽഫലമായി രണ്ടു പേരെയും “ദൈവം” എന്നു വിളിച്ചിരിക്കുന്നു. മറ്റൊരു വിധത്തിൽ, അവരുടെ ഐക്യത കാരണം, നമുക്കു പറയാം, “ഒരു ദൈവം ആണുള്ളത്.”

കൂടാതെ, ഈ വചനത്തെ സൃഷ്ടിതാവു എന്നു പറഞ്ഞിരിക്കുന്നു: “സകലവും അവൻ മുഖാന്തരം ഉളവായി, ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല.” ഇതു വീണ്ടും സകല സൃഷ്ടികൾക്കും മുൻപു അവൻ ഉണ്ടായിരുന്നു എന്നും അതു കൊണ്ടു അവൻ സൃഷ്ടിയല്ല എന്നും തെളിയിക്കുന്നു. അവന്റെ സ്വയ - നിലനില്പും ബലപ്പെടുത്തുന്നതും പ്രകാശിപ്പിക്കുന്നതുമായ അവന്റെ ശക്തി അടുത്ത പ്രസ്താവനയിൽ കാണാം: “അവനിൽ ജീവൻ ഉണ്ടായിരിന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.” ഇതനുസരിച്ച്, അവൻ ജീവന്റേയും വെളിച്ചത്തിന്റേയും ഉറവിടം ആയിരുന്നു. വാസ്തവത്തിൽ, അവൻ ദൈവം ആയിരുന്നു.

ഈ വ്യക്തി, വചനം, “ജഡമായിതീർന്നു നമ്മുടെ ഇടയിൽ വസിച്ചു, ... കൃപയും സത്യവും നിറഞ്ഞവനായി” ജഡമായിത്തീർന്നതു കൊണ്ടു, ദൈവം വചനം ആയിരുന്നതിന്റെ സ്വഭാവഗുണങ്ങൾ ഒന്നും അവനിൽ നഷ്ടമായിരുന്നില്ല. ജഡത്തിൽ, തന്റെ നിത്യമായ നിലനില്പു അവൻ വ്യക്തമാക്കി, “അബ്രഹാമിനു മുൻപു ഞാൻ ഉണ്ടായിരുന്നു” (യോഹന്നാൻ 8:58). നസ്റേത്തുകാരനായ യേശുവായി, താൻ പിതാവിനോടു സഹ - അസ്തിത്വത്തിലായിരുന്നു എന്നു വ്യക്തമാക്കുന്നുണ്ട്, “ഇപ്പോൾ

പിതാവേ, ലോകം ഉണ്ടാകും മുമ്പേ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ, എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ" (യോഹന്നാൻ 17:5).

കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവികത്വത്തിൽ കൂടുതൽ ഒരാളിനു (യോഹന്നാൻ) നാം കാണുന്നുണ്ട്. പ്രിയ അപ്പൊസ്തലൻ 1:2-ൽ എഴുതി, "ഞങ്ങൾ നോക്കിയതും, കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ച്, ജീവൻ പ്രത്യേകമായി ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു." ഇതു യോഹന്നാൻ തന്റെ സുവിശേഷ വിവരണത്തിൽ പറഞ്ഞിരിക്കുന്നതുമാണ്. പ്രദർശിപ്പിച്ച ജീവൻ നിത്യജീവൻ ആയിരുന്നു. അതു ആദ്യം പിതാവിനോടുകൂടെ ആയിരുന്നു, പിന്നെ നമുക്കു പ്രത്യക്ഷമാക്കി. ദൈവപുത്രൻ ആദ്യം പിതാവിനോടുകൂടെ ആയിരുന്നു; പിന്നെ നമുക്കു പ്രത്യക്ഷമായി, അതുകൊണ്ടു നിത്യജീവൻ ദൈവ പുത്രൻ ആയിരുന്നു എന്നു നമുക്കു തീർച്ചയാക്കാം; എന്നാൽ നാം തീർപ്പിൽ എത്താറായിട്ടില്ല, യോഹന്നാൻ പറഞ്ഞു, "ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നും എന്നു നാം അറിയുന്നു; നാം ദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു. കുഞ്ഞുങ്ങളേ വിഗ്രഹങ്ങളെ വിട്ട് അകന്നു സൂക്ഷിച്ചു കൊൾവിൻ" (1 യോഹന്നാൻ 5:20, 21) ഇതിൽ നിന്നും നാം മനസ്സിലാക്കുന്നത് ദൈവപുത്രൻഒരുവൻ ആയിരുന്നു, അവൻ പിതാവിനോടും പിതാവു അവനോടും കൂടെ ആയിരുന്നു. ജഡത്തിൽ നമുക്കു പ്രത്യക്ഷനായി യേശു ക്രിസ്തു എന്ന് അറിയപ്പെട്ടു.

ഇതു നമ്മുടെ ചോദ്യത്തിലെ അവസാനത്തിലെത്തിച്ചേക്കാം, കാരണം നമുക്ക് ക്രിയാത്മകമായ പ്രശസ്തനായ യേശുക്രിസ്തു, ദൈവപുത്രൻ, ജഡത്തിൽ ആയി നമുക്കിടയിൽ വസിച്ചു, "അവൻ വാസ്തവത്തിൽ ദൈവം ആണ്."

**പൗലൊസ്**

യേശുവിന്റെ ദൈവികത്വത്തെ കുറിച്ചു എഴുതിയ അപ്പൊസ്തലൻ പൗലൊസ് ആയിരുന്നു, സ്വർഗ്ഗാരോഹണ ശേഷം യേശു അവന്നു മാർഗ്ഗമദ്ധ്യേ പ്രത്യക്ഷനാവുകയും, മനുഷ്യന്നു ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു (2 കൊരിന്ത്യർ 12:2-4). ഈ വാക്കുകളിൽ അവൻ യേശുവിനെ വിവരിച്ചു.

> [യേശു], ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള, സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസ - രൂപം, എടുത്തു മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണം ഉള്ളവനായി തീർന്നു (ഫിലിപ്പിയർ 2:6-8).

ഇവിടെ പൗലൊസ് പറഞ്ഞതു ഒരിക്കൽ യേശു ദൈവത്തോടു സമനായിരുന്നു എന്നും, എന്നാൽ അവൻ അത് സ്വർഗ്ഗത്തിൽ വിട്ടിട്ട്, അല്ലെങ്കിൽ ഉപേക്ഷിച്ചു വന്നു. ഭൂമിയിൽ ആയിരുന്നപ്പോൾ, അവനിൽ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും, സകല ദൈവിക ശക്തികളും അവനിൽ വസിച്ചിരുന്നു, എന്നാൽ ഏതിലാണ് അവൻ ദൈവത്തോടു തുല്യൻ *അല്ലാതിരുന്നത്?* അവൻ മനുഷ്യരൂപത്തിലാക്കപ്പെടുകയും ദൈവരൂപമായ ആത്മാവിൽ അല്ലാതിരിക്കയും ചെയ്തു. അവൻ മനുഷ്യനായി തിരിച്ചറിയേണ്ടതിന്നു അതു ഉപേക്ഷിച്ചു. നാം അന്വേഷിച്ചുകൊണ്ടിരുന്ന വിശദീകരണം ഇതായിരുന്നു - ദൈവം ജഡത്തിൽ വസിക്കുന്ന ദൈവം മനുഷ്യരൂപത്തിലായിതീർന്ന യേശു ക്രിസ്തു (എബ്രായർ 2:14-17 നോക്കുക).

പൗലൊസ് പിന്നെയും ദൈവപുത്രനെകുറിച്ചു പറയുന്നതു,

> അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും, ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും, ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ച്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു, അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരുന്നു, അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ, അവൻ സകലത്തിനുംആധാരമായിരിക്കുന്നു (കൊലൊസ്യർ 1:15-17).

യേശുവിന്റെ ദൈവികത്വത്തെ വിശ്വസിക്കാത്തവർ ഉപയോഗിക്കുന്ന പദപ്രയോഗം "സകല സൃഷ്ടികളുടേയും ആദ്യ ജാതൻ" എന്നതാണ്, അർത്ഥം ആദ്യമായി ഉണ്ടാക്കപ്പെട്ട സൃഷ്ടി. അവൻ എന്തുകൊണ്ടു "സകല സൃഷ്ടികളുടേയും ആദ്യ ജാതൻ" ആയി എന്നതു അടുത്ത വാക്യത്തിൽ പറയുന്നുണ്ട് - കാരണം "അവനാൽ സകലവും സൃഷ്ടിക്കപ്പെട്ടു" "ആദ്യജാതൻ" എന്ന വാക്കിന്റെ അർത്ഥം അവകാശി അല്ലെങ്കിൽ കർത്താവു എന്നാണ്; ആദ്യമായി ജനിക്കുന്നവൻ എന്നും അർത്ഥമുണ്ട്. സകല സൃഷ്ടിയുടേയും കർത്താവാണ് യേശു, സകലവും അവനാൽ സൃഷ്ടിക്കപ്പെട്ടു. ഇതു നല്ല അർത്ഥം ഉണ്ടാക്കുന്നു; മറ്റേ വ്യാഖ്യാനം അർത്ഥവത്താകുന്നില്ല. "അവൻ സകലത്തിനും മുമ്പെ" ഉള്ളവൻ, അർത്ഥം സകല സൃഷ്ടികൾക്കും മുമ്പേയുള്ളവൻ. അവൻ സൃഷ്ടിക്കപ്പെട്ട സകലതിനും മുമ്പെ ഉണ്ടായിരുന്നു എന്നതു അവന്റെ ദൈവികത്വത്തെ സൂചിപ്പിക്കുന്നു. "അവനിൽ സകലവും ഒന്നായി വിവരിക്കുകയും ചെയ്യുന്നു." ഇതു സൃഷ്ടിക്കപ്പെട്ടവരെ സംബന്ധിച്ചു അസാധ്യമാണ്, സൃഷ്ടിച്ചവനു മാത്രമെ സൃഷ്ടികളുടെ മേൽ ഉടമസ്ഥാവകാശമുള്ളു.

അടുത്തത്, തെറ്റിദ്ധാരണയോ സംശയമോ നല്കാത്ത പൗലൊസിന്റെ തുറന്ന പ്രസ്താവന നമുക്കു പരിഗണിക്കാം. യെഹൂദന്മാരെ കുറിച്ചു അവൻ പറഞ്ഞു, "... പിതാക്കന്മാരും അവർക്കുള്ളവർ തന്നേ, ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലൊ ഉത്ഭവിച്ചത്, അവൻ

സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ" (റോമർ 9:5). ഈ വേദഭാഗത്തിന്റെ സ്പഷ്ടമായ പ്രാധാന്യം യെഹൂദ വംശാവലിയിൽ വന്ന ക്രിസ്തു, ദൈവം ആയിരുന്നു, എന്നത്. അവൻ ദൈവമാകയാൽ, ശപിക്കാതെ അനുഗ്രഹിക്കുന്നവനായിരുന്നു, യെഹൂദന്മാരിൽ നിന്നു അവനു ശാപമാണ് കിട്ടിയത്.

ദൈവം ജഡത്തിൽ വന്നവൻ ദൈവപുത്രൻ ആയിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവായി അപ്പൊസ്തലനായ പൗലൊസ് പരിഗണിച്ചത് യേശുവിന്റെ ഉയിർത്തെഴുന്നേല്പാണ്. രണ്ടു പ്രാവശ്യം ദൈവം സ്വർഗ്ഗത്തിൽ നിന്നു പറഞ്ഞു, "ഇവൻ എന്റെ പ്രിയ പുത്രൻ" (മത്തായി 3:17; 17:5; മർക്കൊസ് 9:7; ലൂക്കൊസ് 9:35 ഉം നോക്കുക), എന്നാൽ യെഹൂദന്മാർ അവനിൽ വിശ്വസിച്ചില്ല. ആരും ചെയ്തിട്ടില്ലാത്ത അത്ഭുതങ്ങൾ യേശു ചെയ്തു, എങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല. അവൻ ആണയിട്ട് താൻ ദൈവപുത്രൻ ആണെന്നു പറഞ്ഞു; എന്നാൽ അവന്റെ സാക്ഷ്യം സ്വീകരിക്കുന്നതിനു പകരം, അവനെ അവർ ദൈവദൂഷണം പറയുന്നവനും കപട വേഷധാരിയുമെന്ന കുറ്റം ചുമത്തി ക്രൂശിൽ തറപ്പിച്ചു. ഭൂമിയിലെ അത്യുന്നത കോടതിയുടെ തീരുമാനം സ്വർഗ്ഗത്തിലെ വലിയ ദൈവം മാറ്റി; അതു അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു കൊണ്ടായിരുന്നു, അവൻ തന്റെ പുത്രൻ എന്നു ദൈവം പ്രഖ്യാപിച്ചു.

ദൈവത്തിന്റെ സുവിശേഷത്തെ സംസാരിച്ചു, പൗലൊസ് എഴുതി,

> ... അവന്റെ പുത്രൻ ... ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേല്ക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തവനാലല്ലൊ (റോമർ 1:3, 4).

ഇവിടെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ദൈവത്തിന്റെ പുത്രൻ എന്നാണ് പൗലൊസ് സൂചിപ്പിച്ചത്. ദാവീദിൽ കൂടെയാണ് ഈ പുത്രനു മനുഷ്യത്വം ലഭിച്ചത്, എന്നാൽ അവന്റെ ഉയിർത്തെഴുന്നല്പ് തെളിയിക്കുന്നതു അവൻ മനുഷ്യനേക്കാൾ കൂടുതലാണ് എന്നത്രേ. അവൻ ദൈവ പുത്രനാണ്, എന്നു പറഞ്ഞതുകൊണ്ടു – അവൻ ദാവീദിന്റെ പുത്രൻ ആയിരുന്നു എങ്കിലും അവനെ ക്രൂശിൽ തറച്ചു. അവനു അതിനേക്കാൾ വലിയ ബന്ധം ഉണ്ടായിരുന്നു. അവന്റെ ദൈവികത്വം ദാവീദിൽ കൂടെ വന്നതല്ല, അവന്നു ദൈവവുമായി ഉണ്ടായിരുന്ന ബന്ധത്തിൽ നിന്നു ലഭിച്ചതാണ്. യേശു പറഞ്ഞ അവകാശം, അവനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചതോടെ ആദരിച്ചു. ആ വേദഭാഗം യേശുവിന്റെ മനുഷ്യത്വത്തെയും ദൈവികത്വത്തെയും ഉറപ്പിക്കയാണ്. "യേശുക്രിസ്തുവിൽ ദൈവികത്വവും," മനുഷ്യത്വവും ഒരുമിച്ചു നിന്നു അവനെ ദൈവപുത്രൻ എന്നു വിളിക്കുന്നു.

ജഡത്തെക്കുറിച്ചു, പൗലൊസ് പറഞ്ഞു, ദാവീദിന്റെ സന്തതിയായി യേശു "ജനിച്ചു." ജനനം കുറിക്കുന്നതു ജഡത്തെയാണ്. എങ്ങനെയാ

യാലും, ക്രിസ്തുവിന്റെ ആത്മാവു, പൗലൊസ് പറഞ്ഞു, അവൻ ദൈവ പുത്രൻ, എന്നു "പ്രഖ്യാപിക്കപ്പെട്ടു." അതു ആരംഭത്തെ കുറിക്കുന്നില്ല. നസറേത്തുകാരനായ യേശുവിൽ നാം മനുഷ്യത്വത്തെ കാണുന്നു, അവനിൽ ജനനം ആരംഭമായും, ദൈവികത്വം ദൈവത്തോടുകൂടെ ആയിരുന്നതും, ദൈവം ആയിരുന്നതുമാണ്. അവനിൽ - അവനിൽ മാത്രം - ദൈവം ജഡത്തിൽ വെളിപ്പട്ടു.

### അവൻ ദൈവം എന്നു അവന്റെ പ്രവൃത്തികൾ പ്രഖ്യാപിക്കുന്നു

ഭൂമിയിൽ ആയിരുന്നപ്പോൾ, യേശു ചെയ്ത പ്രവൃത്തികൾ, അവന്റെ തന്നെ പ്രസ്താവനയനുസരിച്ചു, മറ്റാരും ഒരിക്കലും ചെയ്തിട്ടില്ല. അവൻ പറഞ്ഞു, "മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികളെ ഞാൻ അവരുടെ ഇടയിൽ ചെയ്തിരുന്നില്ല എങ്കിൽ അവർക്കു പാപം ഇല്ലായിരുന്നു" (യോഹന്നാൻ 15:24). തന്റെ പ്രവൃത്തികൾ അവന്റെ ദൈവികത്വ തെളിവായി യേശു കരുതി. അവൻ പറഞ്ഞു, "പിതാവു എനിക്കു അനുഷ്ഠിപ്പാൻ തന്നിരിക്കുന്ന പ്രവൃത്തികൾ - ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നേ - പിതാവ് എന്നെ അയച്ചു, എന്നു എന്നെക്കുറിച്ചു സാക്ഷീകരിക്കുന്നു" (യോഹന്നാൻ 5:36). ഈ പ്രവൃത്തികൾ ക്രിസ്തുവിന്റെ ദൈവികത്വത്തെ തെളിയിക്കുന്നതു മതിയായതും ധാരാളവുമാണ്. വിശ്വസിക്കാത്തവരെല്ലാം ശിക്ഷിക്കപ്പെടും. അവൻ പറഞ്ഞു, "ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും (യോഹന്നാൻ 8:24).

### ഭൂതങ്ങളിന്മേൽ അധികാരം

അശുദ്ധാത്മാക്കളിൽ അവൻ നടത്തിയ ശക്തി അമാനുഷ ശക്തി ആയിരുന്നുവെന്നു തെളിയിക്കുന്നു. യേശു ഭൂതങ്ങളെ പുറത്താക്കിയപ്പോൾ, അവൻ ബെയെൽസെബൂലിനെക്കൊണ്ടാണ് ഭൂതങ്ങളെ പുറത്താക്കിയത് എന്ന് ആരോപിക്കയുണ്ടായി, അവൻ അതിനു, "ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ അവന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നു കളവാൻ ആർക്കും കഴികയില്ല, പിടിച്ചു കെട്ടിയാൽ പിന്നെ കവർച്ച ചെയ്യാം" (മർക്കൊസ് 3:27). ഇവിടെ അവൻ തന്റെ ശക്തി അമാനുഷമെന്നു അവകാശപ്പെടുന്നു.

യേശുവിന്റെ സാന്നിദ്ധ്യം പോലും ഭൂതങ്ങളെ അസഹ്യപ്പെടുത്തിയിരുന്നു. കഫർന്നഹൂമിലെ പള്ളിയിൽ വെച്ച്, ഒരാൾ നിലവിളിച്ചു, പറഞ്ഞു, "നീ ഞങ്ങളെ നശിപ്പിപ്പാൻ വന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു - ദൈവത്തിന്റെ പരിശുദ്ധൻ തന്നെ!" (മർക്കൊസ് 1:24). മറ്റൊരാൾ പറഞ്ഞു, "നീ ദൈവപുത്രൻ" ആകുന്നു (മർക്കൊസ് 3:11). അവരെ നശിപ്പിപ്പാൻ വന്നവനാണ് യേശു എന്നു അശുദ്ധാത്മാക്കളിൽ ഒരാൾ തിരിച്ചറിഞ്ഞു; അവർ പറഞ്ഞു, "സമയത്തിനു മുൻപേ ഞങ്ങളെ ദണ്ഡിപ്പാൻ വന്നുവോ?" (മത്തായി 8:29). അവന്റെ ശക്തി ദൈവത്തിന്റേതിൽ നിന്നും കുറഞ്ഞതല്ല എന്നു ഈ വേദ ഭാഗം തെളിയിക്കുന്നതിനു പുറമെ, ഭൂതങ്ങൾ അവനെ അശുദ്ധാത്മാക്കളെ സമയമാകുമ്പോൾ ശിക്ഷിക്കുവാൻ വരുന്ന ദൈവപുത്രൻ എന്നു തിരിച്ചറിയുകയും ചെയ്തു.

**പാപങ്ങൾ മോചിക്കുവാനുള്ള ശക്തി**

ഇവിടെ ഭൂമിയിൽ ആയിരുന്നപ്പോൾ, യേശു പാപങ്ങൾ മോചിച്ചു കൊടുത്തു - അതു, പരീശന്മാരും ശാസ്ത്രി മാരും ശരിയായി ലൂക്കൊസ് 5:20, 21-ൽ പറഞ്ഞു, ദൈവത്തിനു മാത്രമെ കഴിയു. “നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു” എന്നു അവൻ ഒരാളോടു പറഞ്ഞപ്പോൾ, അവൻ ദൈവദൂഷണം പറയുന്നു എന്നു അവർ അവനെ കുറ്റപ്പെടുത്തി. തനിക്കു പാപങ്ങൾ മോചിക്കുവാനുള്ള ശക്തിയുണ്ടെന്നു തെളിയിക്കേണ്ടതിനു അവൻ അവരുടെ മുമ്പിൽ വെച്ചു ഒരാളെ സൗഖ്യമാക്കി (മത്തായി 9:2-8 ഉം മർക്കൊസ് 2:1-12 ഉം നോക്കുക). ആ സംഭവം രണ്ടു സത്യത്തെ തെളിയിക്കുന്നു. ഒന്ന്, തന്റെ തന്നെ ശക്തികൊണ്ട് ഒരാളെ സൗഖ്യമാക്കുവാൻ കഴിഞ്ഞാൽ, അയാൾക്കു പാപങ്ങൾ മോചിക്കുവാനും കഴിയും. രണ്ട്, യേശുവിനു പാപങ്ങൾ മോചിക്കുവാൻ കഴിഞ്ഞതുകൊണ്ട് (അത് ചെയ്യുവാൻ ദൈവത്തിനു ഒഴിച്ചു മറ്റാർക്കും സാധ്യമല്ല), അവൻ ദൈവം ആയിരുന്നു എന്നു തെളിയിക്കുന്നു.

**പരിധിയില്ലാത്ത ശക്തി**

അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കിയതും, ഏതാനും അപ്പക്കഷണങ്ങളും മീനും കൊണ്ട് ആയിരക്കണക്കിനു ആളുകളെ പോഷിപ്പിച്ച ശേഷം പന്ത്രണ്ടു കൊട്ട വാരി എടുത്തതും, വെള്ളത്തിന്മീതെ നടന്നതും, മരിച്ചവർക്കു വീണ്ടും ജീവൻ കൊടുത്തതും. അവലോകനം ചെയ്യുവാൻ സമയം അനുവദിക്കുന്നില്ല. ഈ ഓരോ സംഭവങ്ങളിൽ നിന്നു യേശു ദൈവം ജഡത്തിൽ വന്നതാണെന്നു തെളിയിക്കുന്ന അടിസ്ഥാനമാണെന്നു തീർച്ചയാക്കാം. ഒരു മനുഷ്യനും അത്തരം അത്ഭുതങ്ങൾ ഒരിക്കലും ചെയ്യുവാൻ കഴിയാത്തതുകൊണ്ട്, നസറേത്തുകാരനായ ക്രിസ്തുവിന്റെ നാമത്തിൽ ചിലർക്കു (പത്രൊസ് പ്രവൃത്തികൾ 3:6-ൽ) സുന്ദരം എന്ന ദൈവാലയ ഗോപുരത്തിങ്കൽ ചെയ്തതുപോലെ യേശു, ദൈവം ജഡത്തിൽ വന്നവനായിരുന്നു എന്നു തീർച്ചയാക്കാം. മറ്റൊരു വ്യക്തിയിലും അത്തരം ശക്തിയില്ലായിരുന്നു.

## ഉപസംഹാരം

സുവിശേഷ ഹൃദയത്തിലെ വിഷയമാണ് യേശു, ജഡത്തിൽ ദൈവം വെളിപ്പെട്ട ദൈവപുത്രൻ എന്നത്. മറ്റെല്ലാം സ്ഥിതി ചെയ്യുന്ന അടിസ്ഥാനമാണ് അത്. പരീക്ഷാവേളയിൽ നമ്മെ നിലനിർത്തുവാൻ സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്ന മറ്റു പല പാഠങ്ങളും, ഈ സത്യത്തിൽ നിന്നും നമുക്ക് എടുക്കാം.

ഒന്നാമത്, യെഹൂദമതത്തേക്കാൾ ഉന്നതമാണ് ക്രിസ്ത്യാനിത്വം എന്നതിന്റെ അടിസ്ഥാനം യേശു മോശെയേക്കാൾ വലിയവൻ എന്ന വസ്തുതയായിരുന്നു. യേശു ദൈവപുത്രൻ ആയിരുന്നു; എന്നാൽ മോശെ അങ്ങനെയായിരുന്നില്ല. ഇതു വളരെ വിശാലമായി എബ്രായ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

രണ്ടാമത്, യേശു ജഡത്തിൽ വന്നു എന്ന സത്യത്തിന്മേലാണ് നമ്മുടെ പ്രത്യാശ ദൂതന്മാരേക്കാൾ ഉയർന്നിരിക്കുന്നു എന്നത് അവനെ

നമുക്ക് ഒരു മാതൃകയാക്കി വെച്ചിരിക്കുന്നു; നാമും ഉയർത്തപ്പെടും എന്നതിന്റെ തെളിവായി അവനെ ആദ്യ ഫലമാക്കി വെച്ചിരിക്കുന്നു (1 കൊരിന്ത്യർ 15:20–22; 1 പത്രൊസ് 5:6). സ്വർഗ്ഗത്തിൽ നമുക്കായി സൃഷ്ടിച്ചിരിക്കുന്ന വാട്ടം, മാലിന്യം ഒന്നുമില്ലാത്ത അവകാശം ക്രിസ്തുവിനോടുകൂടെ നമുക്കു ലഭിക്കും (1 പത്രൊസ് 1:4).

മൂന്നാമത്, ദൈവം ജഡമായിതീർന്നു നമ്മുടെ ഇടയിൽ ജീവിച്ചതു അവനു നഷ്ടപ്പെട്ടവരോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചിരിക്കയാണ്. മനുഷ്യരെ തിരയുന്ന ദൈവത്തിന്റെ ചിത്രമാണ് നാം ഇവിടെ കാണുന്നത്. ദൈവത്തെ അന്വേഷിക്കേണ്ട മനുഷ്യന്റെ കടമയെകുറിച്ചു ധാരാളം പറയുന്നുണ്ട്, എന്നാൽ ദൈവം മനുഷ്യരെ തിരഞ്ഞു രക്ഷിപ്പാൻ വന്നതുകൊണ്ടാണ് മനുഷ്യർക്കു ദൈവത്തെ അന്വേഷിക്കുവാനുള്ള കടമയായത് (ലൂക്കൊസ് 19:10). തെറ്റിപ്പോയ ദൂതന്മാരെ സഹായിക്കാതെ ദൈവപുത്രൻ കടന്നുപോയി എന്നതു താല്പര്യം ജനിപ്പിക്കുന്നു, എന്നാൽ “അബ്രഹാമിന്റെ സന്തതിയെ സംരക്ഷണ ചെയ്യുവാനാണ്” അവൻ വന്നത് (എബ്രായർ 2:16). മനുഷ്യവർഗ്ഗത്തെയാണ് അവൻ സ്നേഹിച്ചതും, ഉയർത്തിയതും, ദൂതന്മാരെയല്ല.

നാലാമതു, ദൈവം ജഡമായി, മനുഷ്യർക്കിടയിൽ വസിച്ചതും, മനുഷ്യർക്കുവേണ്ടി അവൻ മരിച്ചതും മനുഷ്യൻ ദൈവദൃഷ്ടിയിൽ എത്ര വിലപ്പെട്ടവനാണ് എന്നു തെളിയിക്കുന്നു. ഒരു കുരികിലിനെക്കാളും, ആടിനേക്കാളും വിലയുള്ളവനാണ് മനുഷ്യൻ എന്നു യേശു യെഹൂദന്മാരെ പഠിപ്പിച്ചു. നമുക്കു വേണ്ടി നമ്മുടെ ജീവൻ ഉയർന്നതായി കാണുന്നു. എന്നതാണ്. അവൻ നമ്മെ നരകത്തിൽ നിന്നു മാത്രമല്ല – രക്ഷിപ്പാൻ ആഗ്രഹിക്കുന്നത്, ഭൂമിയിലായിരിക്കുമ്പോഴും നമ്മുടെ ജീവനു എത്രത്തോളം വില കല്പിക്കാമോ എന്നതായിരുന്നു അവന്റെ ലക്ഷ്യം, അതുകൊണ്ട് ഈ ലോകത്തിലെ പാപത്തിൽ നിന്നും നമ്മെ രക്ഷിക്കുവാൻ വഴി ഒരുക്കി, നാം പാപത്തിൽ ജീവിച്ചാൽ നാം വിലയില്ലാത്തവരാണ്. അവന്നായി ജീവിച്ചാൽ മാത്രമെ നമ്മുടെ ജീവിതം വിലയുള്ളതായി തീരുകയുള്ളു.

---

കുറിപ്പുകൾ

[1]ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് ഓഫ് ജസ്റ്റിൻ, ഫിലോസഫർ ആന്റ് മാർട്ടിർ, വിത്ത് ട്രിഫോ, ഏ ജ്യൂ* 48. അലെക്സാണ്ടർ റോബെർട്ട്സ് ആന്റ് ജെയിംസ് ഡൊണാൾഡ്സൺ, ലറ *ദാ ആന്റേ – തനൈസിൽ ഫാദേഴ്സ്: ട്രാൻസലേഷൻസ് ഓഫ് ദ റൈറ്റി ഓഫ് ദ ഫാദേഴ്സ് ഡൗൺ ടു ഏ.ഡി. 325*, റെവ. ആന്റ് ആർ എ ക്ലെവലന്റ് കോക്സ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി. 1957).
[2]ഇബിഡ് 49.

This lesson was adapted from *Abilene Christian College Lectures,* 1938. Used by permission of Abilene Christian University Lectureship Direction.


© 2009 Truth for Today